# യുവതലമുറയും ന്യൂജൻ ലഹരികളും

ഡോ. പി.എൻ. സുരേഷ്കുമാർ
ഡയറക്ടർ
ചേതന–സെന്റർ ഫോർ ന്യൂറോസൈക്യാട്രി
കോഴിക്കോട്

അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലഹരി മരുന്നുകളുടെ ഉപയോഗം ആരോഗ്യരംഗത്ത് മാരകമായ വിപത്തായി മാറിയിരിക്കുന്നു. മയക്കുമരുന്നിനോടുള്ള അടിമത്തം വ്യക്തിക്കും കുടുംബത്തിനും മാത്രമല്ല നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്, അന്താരാഷ്ട്ര കലഹങ്ങൾക്കും ഭീകരാക്രമണങ്ങൾക്കും വരെ വഴിതെളിയിക്കുന്നു. സമീപകാലങ്ങളിൽ പുതുലഹരികളുടെ ഉപയോഗം യുവതലമുറയുടെ ഇടയിൽ വളരെ വ്യാപകമായതായി സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നു. പണ്ടെല്ലാം വൻ നഗരങ്ങളിലും കോളേജുകളിലും മാത്രമാണ് ഇതിന്റെ ഉപയോഗം ഉണ്ടായിരുന്നതെങ്കിൽ ഇന്നത് ചെറുനഗരങ്ങളിലേക്കും, സ്കൂളുകളിലേക്കും വ്യാപിച്ചിരിക്കുന്നു. കുറച്ചു വർഷങ്ങളായി ഇത്തരം ലഹരി ഉപയോഗം സ്ത്രീകളിലേക്കും പടർന്നിട്ടുണ്ട്.

എന്തെല്ലാമാണ് ഇത്തരം ന്യൂജൻ ലഹരികൾ എന്ന് വിശദീകരിക്കാം.

**ഇന്ദ്രിയങ്ങളിൽ ഉന്മാദാവസ്ഥ ഉണ്ടാക്കുന്ന ലഹരികൾ (ഹാലൂസിനോജൻസ്)**

ഇല്ലാത്ത ശബ്ദങ്ങൾ കേൾക്കുക, ഇല്ലാത്ത കാഴ്ചകൾ കാണുക എന്നീ വിഭ്രാന്തജനകമായ അനുഭവങ്ങൾ ഇത്തരം വസ്തുക്കൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകാം. ഇവ ഇന്ദ്രിയങ്ങളെ മയക്കുന്നു, ചിന്തകളെ മാറ്റിമറിക്കുന്നു. സെക്കഡെലിക് അവസ്ഥ എന്നാണ് ഇതിനെ വിളിക്കുന്നത്. ഇവ ഉപയോഗിച്ചുകൊണ്ട് ഒരാൾ ഒരു പാട്ടു കേൾക്കുകയാണെങ്കിൽ ഇന്ദ്രിയങ്ങളിൽ ഒന്ന് മറ്റൊന്നിനോട് ലയിക്കുന്നതുമൂലം പാട്ടിനെ മണക്കാനും തൊടാനുമൊക്കെ കഴിയും.

ഈ ലഹരിമരുന്നുകൾ തലച്ചോറിലെ ആശയവിനിമയ സംവിധാനത്തെ പാടെ തകരാറിലാക്കുന്നു. ഇവ തലച്ചോറിലെ രാസപരിവാഹകരായ ഡോപ്പമിൻ, സിറടോണിൻ, ഗ്ലൂട്ടമിൻ എന്നിവയുടെ സന്തുലിതാവസ്ഥയെ തകർക്കുന്നു. അതോടുകൂടി വേദന കുറയുന്നു, ചുറ്റുപാടുകളോടുള്ള പ്രതികരണം മന്ദീഭവിക്കുന്നു, ഓർമ്മ തകരാറിലാകുന്നു, പഠനം ബുദ്ധിമുട്ടാകുന്നു. ഇവയുടെ പ്രവർത്തനം 20 മിനിറ്റ് മുതൽ 90 മിനിറ്റിൽ തുടങ്ങി 6 മുതൽ 12 മണിക്കൂർവരെ നീണ്ടുനിൽക്കാം. നല്ല അനുഭവങ്ങളും, പേടിപ്പിക്കുന്ന അനുഭവങ്ങളും ഉണ്ടാകാം. ഓർമ്മക്കുറവ്, ശ്രദ്ധക്കുറവ്, ഉത്കണ്ഠ, ഹൃദയമിടിപ്പ് കൂടുക, ഓക്കാനം, ശരീരം വിയർക്കുക എന്നിവയും അനുഭവപ്പെടാം. വിചിത്രമായ അനുഭൂതികൾ ഉണ്ടാകാം, സമയബോധം നഷ്ടപ്പെടും, വിശപ്പ് കുറയും, ദൈവികാനുഭവങ്ങൾ ഉണ്ടാകാം, ദൈവവചനങ്ങൾ ചെവിയിൽ കേൾക്കാം, ശരീര ചലനങ്ങൾക്ക് നിയന്ത്രണമില്ലാതാകാം. സ്ഥിരമായ ഉപയോഗം മൂലം പാനിക് അറ്റാക്ക്, സംശയങ്ങൾ, മാനസിക വിഭ്രാന്തി എന്നിവ രൂപപ്പെടാം.

ഇത്തരം ലഹരികൾ സ്ഥിരമായി ഉപയോഗിച്ചാൽ സൈക്കോസിസ്, കാഴ്ചപ്രശ്നങ്ങൾ, ചിന്താവൈകല്യം, സംശയരോഗം, വൈകാരിക പ്രശ്നങ്ങൾ, ഫ്ളാഷ്ബാക്ക് (ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന മാനസികാവസ്ഥ ഉപയോഗിക്കാത്ത സമയത്തും അനുഭവപ്പെടുക), മിഥ്യാ അനുഭവങ്ങൾ എന്നിവ ഉണ്ടാകാം. ഇത്തരം പ്രശ്നങ്ങൾ ഏതാനും

ദിവസങ്ങൾ മുതൽ വർഷങ്ങൾ വരെ നീണ്ടുനിൽക്കാം. ഇത്തരം ലഹരികൾ മദ്യവുമായി പ്രതിപ്രവർത്തിച്ച് ആത്മഹത്യ, കോമ (അബോധാവസ്ഥ), മരണം എന്നിവയിലേക്ക് നയിക്കാം. സ്വഭാവ വൈകല്യങ്ങളും ജനിതക തകരാറുകളും സംഭവിക്കാം.

**എൽ.എസ്.ഡി (LSD)**

എർഗോട്ട് എന്ന് വിളിക്കുന്ന ഒരു ഫംഗസ്സിൽനിന്നാണ് എൽ.എസ്.ഡി. ഉണ്ടാക്കുന്നത്. ഇതിന്റെ മറ്റ് പേരുകൾ ആസിഡ്, ബ്ലോട്ടർ, ഡോട്ട്സ്, യല്ലോ, സൺഷൈൻ എന്നിവയാണ്.

എൽ.എസ്.ഡി. ഉപയോഗം കേരളത്തിലെ കാമ്പസുകളിലേക്കും യുവത്വത്തിലേക്കും പടരുന്നതായ വാർത്തകൾ മുഖ്യധാരാ മാധ്യമങ്ങളിൽ വന്നുതുടങ്ങിയിട്ട് അധികനാളായിട്ടില്ല. കഞ്ചാവും ബ്രൗൺഷുഗറുമായിരുന്നു മലയാളികൾ ഭയപ്പെട്ടിരുന്ന ലഹരിയെങ്കിൽ ഗോവയിൽനിന്നും ബാംഗ്ലൂരിൽ നിന്നുമെല്ലാം കുഞ്ഞു സ്റ്റാമ്പുകളായി എൽ.എസ്.ഡി. നമ്മളുടെ യുവത്വത്തിന്റെ നാവിലേയ്ക്കെത്തുമ്പോൾ അത് നൽകുന്നത് നിത്യദുഃഖമാണെന്ന് ഇവർ തിരിച്ചറിയാൻ വൈകും എന്നുറപ്പ്. നിയമവിരുദ്ധ ലാബുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ക്രിസ്റ്റൽ രൂപത്തിലുള്ള ലൈസർജിക് ആസിഡ് ഉല്പന്നമാണ് എൽ.എസ്.ഡി. പക്ഷെ സ്റ്റാമ്പു രൂപത്തിൽ വിതരണത്തിനെത്തുമ്പോൾ ചെറു കൈപ്പ് രുചിയുള്ള ദ്രാവകരൂപത്തിലേക്ക് മാറ്റം വരുത്തുന്നു.

മൂഡ് എലിവേറ്ററായാണ് എൽ.എസ്.ഡി. ഉപയോഗിക്കപ്പെടുന്നത്. ഡിജെ പാർട്ടികളിലും മറ്റും ആഘോഷവും നൃത്തവും കൊടുമ്പിരികൊള്ളുമ്പോൾ സംഗീതത്തെയും താളത്തേയും കാതുകളിലൂടെ സ്വന്തം മനസ്സിലും ശരീരത്തിലും പൂർണ്ണമായും ഉൾക്കൊള്ളാൻ എൽ.എസ്.ഡി. സഹായിക്കുന്നു. ശരീരത്തിൽ ഡോപോമിൻ ഉല്പാദിപ്പിക്കപ്പെടുന്നതിനാൽ ആദ്യഘട്ടത്തിൽ നല്ല സന്തോഷം അനുഭപ്പെടും. പക്ഷെ ചെറു അളവുകൾ മതിയാകാതെ വരികയും ലഹരിക്ക് അടിമയാകുകയും ചെയ്യുന്നതോടെ ജീവിതത്തിലെ എല്ലാ സന്തോഷങ്ങളുമാണ് നശിക്കുന്നത്. നെഞ്ചിടിപ്പ് ഉയരുന്നതും പിരിമുറുക്കം കൂടുന്നതും സപ്ലിമെന്റ് ഉപയോഗത്തിന്റെ ലക്ഷണമാണ്.

**ആംഫിറ്റമിൻ (ഡെക്സഡറിൻ)**

മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് 'ആന്റിസ്ലീപിങ്ങ് പിൽ' എന്ന പേരിൽ ഡെക്സഡറിൽ മാർക്കറ്റിൽ കിട്ടിയിരുന്നു. വിദ്യാർത്ഥികൾ പരീക്ഷാത്തലേന്ന് ഉറക്കമിളച്ച് പഠിക്കാൻ ഈ ലഹരി ഉപയോഗിച്ചിരുന്നു. തലച്ചോറിനെ ഉത്തേജിപ്പിക്കുന്ന മരുന്നാണിത്. ഡെക്സറിൻ നല്ല ഓർമ്മശക്തിയുണ്ടാക്കുമെന്നായിരുന്നു പണ്ടത്തെ ധാരണ. അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി (ADHD) എന്ന പ്രശ്നമുള്ള അടങ്ങിയിരിക്കാത്ത അമിത വികൃതിയുള്ള കുട്ടികളെ ചികിത്സിക്കാൻ ഈ മരുന്ന് ഉപയോഗിക്കുന്നുണ്ട്. ദീർഘകാലം ഉപയോഗിച്ചാൽ സംശയസ്വഭാവമുള്ള പാരനോയ്ഡ് സൈക്കോസിസ് എന്ന മാനസിക രോഗം പിടിപെടാം.

**മീതൈൻ ആംഫിറ്റമിൻ**

വെളുത്ത കയ്പുരസമുള്ള ഒരു പൊടിയായോ, ഗുളികയായോ ഇത് ലഭ്യമാണ്. ക്രിസ്റ്റൽ രൂപത്തിൽ ഏതാണ്ട് കുപ്പിച്ചില്ലു പൊടിച്ച രൂപത്തിലും കിട്ടും, മരുന്നുപോലെ കഴിക്കാം, മൂക്കിൽ വലിക്കാം, പുകക്കാം, ഇഞ്ചക്ഷനായും ഉപയോഗിക്കും.

മകുളിൽ പറഞ്ഞ രണ്ട് മരുന്നുകളും തലച്ചോറിൽ ഡോപ്പമിന്റെ അളവ് കൂട്ടുന്നു. ഉറക്കം ഇല്ലാതാക്കുന്നു, ഉണർവ്വ് കൂട്ടുന്നു, വിശപ്പ് കുറക്കുന്നു, രക്തസമ്മർദ്ദം കൂട്ടുന്നു, ശരീരതാപം കൂട്ടുന്നു. ഇഞ്ചക്ഷൻ രൂപത്തിൽ ഉപയോഗിക്കുമ്പോൾ എച്ച്.ഐ.വി., മഞ്ഞപ്പിത്തം എന്നിവ വരാൻ സാധ്യതയുണ്ട്. പല്ലുകൾ പൊടിഞ്ഞുപോകുക, മോണരോഗം, വിട്ടുമാറാത്ത ചൊറി, അക്രമവാസന, ദേഷ്യം, സംശയം എന്നിവയും അനന്തരഫലങ്ങളാണ്. അമിത അളവിൽ ഉപയോഗിച്ചാൽ ഹൃദയസ്തംഭനം, പക്ഷാഘാതം, അപസ്മാരം, അവയവനാശം എന്നിവ സംഭവിക്കാം. മരുന്നുപയോഗം പൊടുന്നനെ നിർത്തിയാൽ വിടുതൽ ലക്ഷണങ്ങളും ഉണ്ടാകാം. ലഹരിഅടിമത്തം ഉണ്ടാക്കാൻ കഴിയുന്നവയാണ് മേൽപറഞ്ഞ രണ്ട് വസ്തുക്കളും.

**മെത് ആംഫിറ്റമിൻ**

ഒരു കാലത്ത് ചൈനയിൽ വ്യാപകമായി ഉപയോഗിച്ചിരുന്ന മരുന്നാണ് മെത് നിർമ്മിക്കാനുപയോഗിക്കുന്ന എഫഡ്രിൻ. അവിടെ പാരമ്പര്യ മരുന്നുകളിൽ ഒഴിച്ചുകൂടാനാവാത്ത കൂട്ടായിരുന്നു ഇത്. എഫെഡ്രാസിനിക്ക് എന്ന ചെടിയിൽനിന്നാണ് എഫഡ്രിൻ ഉല്പാദിപ്പിച്ചിരുന്നത്. ചൈനയിലും മംഗോളിയയിലുമെല്ലാം ധാരാളം കാണുന്ന ഈ ചെടിയിൽനിന്നുള്ള എഫഡ്രിൻ കായികതാരങ്ങൾ ഉത്തേജക മരുന്നായി ഉപയോഗിച്ചിരുന്നു.

ഇതോടെ കനത്ത നിയന്ത്രണവും വന്നു. ചൈനയിൽ ഇപ്പോൾ സർക്കാർ നിയന്ത്രണത്തിലാണ് ചെടിയുടെ ഉത്പാദനവും ഉപയോഗവും എല്ലാം. എന്നാൽ ഇന്ത്യയിൽ ചെടിയിൽനിന്നുള്ള മരുന്നിന് പകരം കെമിക്കൽ നിർമ്മാണം വഴിയാണ് മെത് ഉത്പാദിപ്പിക്കുന്നത്. ഇത് ക്രിസ്റ്റൽ മെത്, ഷാബു, ക്രിസ്റ്റൽ, ക്ലാസ്, ഷാർസ്, മോളി, എക്സ്റ്റസി എന്നീ പേരുകളിൽ അറിയപ്പെടുന്നു.  കാപ്സുൾ രൂപത്തിലും പൊടി രൂപത്തിലുമാണ്. വായിലൂടെ കഴിക്കാം, മൂക്കിലൂടെ വലിക്കാം.  പുകവലിച്ചും, കുത്തിവച്ചും ഗ്ലാസ് പാത്രങ്ങളിൽ ചൂടാക്കി ശ്വസിച്ചുമെല്ലാം ഉപയോഗിക്കുന്ന മെത് ആത്മവിശ്വാസം വർദ്ധിപ്പിക്കും, ശരീരത്തെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റും എന്നാണ് ധാരണ. ഈ മരുന്ന് കഴിച്ചാൽ ശരീരത്തിൽ ഡോപ്പമിൻ, സിറടോണിൻ എന്നിവയുടെ പ്രളയം ഉണ്ടാകും. ഫയറിങ് പോലെ നോർ അഡ്രീനാലിന്റെ അളവ് കൂട്ടുന്നു. മെത് മൂഡ് കൂട്ടുകയും, വിചിത്ര തോന്നലുകളും വിഭ്രാന്തിയും ഉണ്ടാക്കുകയും ചെയ്യുന്നു, ഇന്ദ്രിയങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു, സമയബോധം നഷ്ടപ്പെടുന്നു. ഇത് നൈറ്റ് ക്ലാസുകളിൽ സ്ഥിരമായി ഉപയോഗിക്കുന്ന വസ്തുവാണ്. നീലചിത്രനിർമ്മാണ മേഖലയിൽ പുരുഷൻമാരും ഉദ്ധാരണ ശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഉപയോഗിക്കുന്ന മരുന്നായാണ് മെത്ത് അറിയപ്പെടുന്നത്. പാർട്ടികളിൽ കൂടുതൽ സമയം ക്ഷീണം അറിയാതെ നൃത്തം ചെയ്യുന്നതിനും മറ്റും ഇത് ഉപയോഗിക്കാറുണ്ട്. പൊണ്ണത്തടി കുറക്കാനുള്ള മരുന്നുകളിൽ ചെറിയ അളവിൽ മെത് ആംഫിറ്റമിൻ ഉപയോഗിക്കുന്നുണ്ട്. തുടർച്ചയായി ലൈംഗിക ബന്ധത്തിന് എർപ്പെടുന്നതിനും, ഡാൻസിങ്ങിനും സഹായിക്കുന്ന മെത് പരിധിവിട്ട് ഉപയോഗിച്ചാൽ അപകടമുണ്ടാകാറുണ്ട്. ശരീരത്തിന്റെ താപനില ഉയരുക, രക്തസമ്മർദ്ദം കൂടുക, ഹൃദയാഘാതം, കാഴ്ചക്കുറവ് തുടങ്ങി സ്ട്രോക്കിന് വരെ ഇത് കാരണമായേക്കാം. ശ്വാസകോശത്തെ ദോഷകരമായി ബാധിക്കുന്നതിന് ഇടയാകും. ഇതു കൂടാതെ വിഷാദരോഗം, ഓർമ്മക്കുറവ്, പരിഭ്രാന്തി, സംശയങ്ങൾ, അക്രമവാസന എന്നിവയും സ്ഥിരമായി ഉപയോഗിക്കുന്നവരിൽ ഉണ്ടാകും.

**എഫഡ്രിൻ**

പണ്ടുകാലത്ത് ആശുപത്രികളിൽ ആസ്തമക്ക് ഉപയോഗിച്ചിരുന്ന വിലകുറഞ്ഞ

ഒരു മരുന്നാണ് എഫഡ്രിൻ.  പണ്ട് മിക്ക ചുമക്കുള്ള മരുന്നുകളിലും എഫഡ്രിൻ അടങ്ങിയിരുന്നു. ഇവ അളവ് കൂട്ടി കഴിച്ചാൽ നെഞ്ചിടിപ്പ് ഉണ്ടാകും, സുഖകരമായ ഒരു ആലസ്യം ഉണ്ടാകും, ഉറക്കം നഷ്ടപ്പെടും, നാക്ക് വരണ്ട് പോകും. ഇപ്പോൾ ലഭ്യമായ മിക്ക ചുമ സംഹാരികളിലും എഫഡ്രിൻ അടങ്ങിയിട്ടില്ല.

എഫഡ്രിൻ എന്ന ചെടിയിൽനിന്നാണ് എഫഡ്രിൻ ഉല്പാദിപ്പിച്ചിരുന്നത്. ഇന്നത് ചുരുങ്ങിയ ചെലവിൽ ലാബിൽ തന്നെ ഉണ്ടാക്കാൻ കഴിയും. എഫഡ്രിൻ ഉപയോഗിച്ചാണ് മീതൈൽ ആംഫിറ്റമിൻ ഉണ്ടാക്കുന്നത്.

**മാജിക് മഷ്റൂം**

ഉന്മാദാവസ്ഥ സൃഷ്ടിക്കുന്ന ‘സൈക്കോസിസ്’ എന്ന വിഭാഗത്തിൽ പെടുന്ന ലഹരിയാണ് മാജിക് മഷ്റൂം. കൊടൈക്കനാലിനടുത്ത് മന്നമന്നരും മൂന്നാറിനടത്ത്  എരുമപ്പെട്ടിയിലുമാണ് ഈ കൂണിന്റെ പ്രധാന കേന്ദ്രം. കേന്ദ്രനാഡീവ്യൂഹത്തെയാണ് ഈ ലഹരി ബാധിക്കുക. ഇത് ഉപയോഗിക്കുന്നതോ മൊത്തം നാഡീവ്യവ്യവസ്ഥകളും അമിത വേഗത്തിൽ പ്രവർത്തിക്കാൻ തുടങ്ങുന്നു, വ്യക്തി ഉന്മാദാവസ്ഥയിലേക്ക്  നീങ്ങുന്നു. കുറച്ചുനാളത്തെ ഉപയോഗംപോലും കിഡ്നിയേയും തലച്ചോറിനേയും ബാധിക്കും. സ്ഥിരം മാനസികരോഗിയാകാനും ഈ ലഹരിയുടെ ഉപയോഗം മതിയാകും. മാജിക് മഷ്റൂം കുമിൾ പോയിസനിങ്ങിന് വഴിതെളിയിക്കാം.

**വാട്ട് ഇല**

കാത്തിനോൺ, കാത്തെയിൻ തുടങ്ങിയ രാസവസ്തുക്കളാണ് വാട്ട് ഇലയിൽ ഉള്ളത്. അമേരിക്കയിലും, ചൈനയിലും വാട്ടിന്റെ ഉപയോഗം നിരോധിച്ചിട്ടുണ്ട്. എത്യോപ്യ, സൊമാലിയ, കെനിയ എന്നിവിടങ്ങളിൽ വാട്ട് കൃഷി നിയമവിധേയമാണ്. ലഹരിക്കായി പച്ചയില നേരിട്ട് ചവച്ച് കഴിച്ചും, ഉണങ്ങിയ ഇല ചൂടുവെള്ളത്തിൽ കലക്കിയും ആണ് ഉപയോഗിച്ചുവരുന്നത്. വിനോദത്തിനും, ഔഷധത്തിനുമായി ഉപയോഗിക്കുന്ന വാട്ട് ഇല കഞ്ചാവ്പോലെ ലഹരിമരുന്നായി ദുരുപയോഗം ചെയ്യപ്പെടുന്നു. വാട്ടിന്റെ ഉപയോഗം വിഷാദം, ഉറക്കകുറവ്, വന്ധ്യത, അക്രമവാസന, വായയിലും ഉദരത്തിലും കാൻസർ, ദഹനക്കുറവ് എന്നിവ ഉണ്ടാക്കാം.

## DMT (N.dimethyltryptamin)

ഫന്റാസിയ, സ്പിരിട്ട് മോളിക്യൂൾ, ബിസ്നസ്സ്മാൻ സ്പെഷ്യൽ എന്ന പേരിലെല്ലാം അറിയപ്പെടുന്ന ഈ ലഹരി ലാബിൽ നിർമ്മിക്കപ്പെടുന്ന ഒരു വെളുത്ത പൊടിയാണ്. ഡിമിത്രി എന്ന ഓമനപ്പേരും ഇന്ദ്രിയങ്ങളിൽ ഉന്മാദാവസ്ഥ സൃഷ്ടിക്കുന്ന ഈ ലഹരിക്കുണ്ട്.

**അയാഹുവാസ്ക**

ആമസോൺ ഭാഗത്തെ ഒരു ചെടിയിൽനിന്ന് ഉണ്ടാക്കുന്ന ചായ. ഇതിൽ DMT എന്ന പറയുന്ന സൈക്കഡെലിക് ലഹരി അടങ്ങിയിരിക്കുന്നു. എൽ.എസ്.ഡി. ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അതേ അനുഭവം തന്നെയാണ് ഈ ലഹരിക്കും ഉള്ളത്.

**മെസ്കാലിസ്**

കാക്ടസ് എന്ന കള്ളിച്ചെടിയിൽനിന്നാണ് ഇത് നിർമ്മിക്കുന്നത്. എൽ.എസ്.ഡി., സിലോസൈബിൻ എന്നിവയുടെ അതേ അനുഭവം തന്നെയാണ് ഉപയോഗിച്ചാൽ ഉണ്ടാകുക

**ഡെക്സാമെത്തോർഫിൻ**

ചുമക്കുള്ള ചില മരുന്നുകളിൽ കാണുന്ന ഈ രാസവസ്തുവും ലഹരിയായി ഉപയോഗിക്കുന്നു.

**കീറ്റമിൻ**

അനസ്തേഷ്യയിൽ രോഗികളെ മയക്കാനായി ഉപയോഗിക്കുന്ന ഈ മരുന്ന് ഇഞ്ചക്ഷൻ രൂപത്തിലും, പൗഡർ രൂപത്തിലും ലഭ്യമാണ്. അപൂർവ്വം ചിലർ ഇത് മയക്കുമരുന്നായും ഉപയോഗിക്കുന്നുണ്ട്. ദീർഘകാലം കീറ്റമിൻ ഉപയോഗിച്ചാൽ മൂത്രസഞ്ചിയിൽ അസുഖങ്ങളുണ്ടാകാം. കിഡ്നിക്ക് തകരാറും ഓർമ്മക്കുറവും ഉണ്ടാക്കാം.

**ഫെൻസൈക്ലിഡിൻ**

എയ്ഞ്ജൽ ഡസ്റ്റ്, ഹോഗ്, ലവ്ബോട്ട്, പീസ്പിൽ എന്നീ പേരുകളിലും ഈ മയക്കുമരുന്ന് അറിയപ്പെടുന്നു. ദീർഘകാലം ഉപയോഗിച്ചാൽ സംസാരവൈകല്യം, ഓർമ്മക്കുറവ്, തൂക്കംകുറയുക, ഉത്കണ്ഠ, വിഷാദരോഗം, ആത്മഹത്യ എന്നിവ ഉണ്ടാകാം.

**സാൽവിയ**

സൗത്ത് അമേരിക്കയിൽ കാണപ്പെടുന്ന ഒരു ചെടിയാണിത്. ഇതിന്റെ മറ്റ് പേരുകൾ ഡിവേഴ്സ് സെയ്ജ്, മരിയ പാസ്റ്റോറ, സാലി-ഡി, മാജിക് മിന്റ്.

**മയക്കുമരുന്നുകൾ മൂലമുള്ള മാനസിക ശാരീരിക പ്രശ്നങ്ങൾ**

മാനസികരോഗം മുതൽ മരണംവരെയുള്ള ആരോഗ്യപ്രശ്നങ്ങളുടെ നരകവാതിലുകളാണ് ലഹരിമരുന്നുകളുടെ ഉപയോഗം തുറന്നിടുന്നത്. തലച്ചോറിലെ നാഡികളെ തളർത്തുകയോ ഉത്തേജിപ്പിക്കുകയോ ആണ് ഇത്തരം ലഹരിമരുന്നുകൾ ചെയ്യുന്നത്. ഇതുമൂലം ഇവ മനസ്സിന്റെ താളം തെറ്റിച്ച് മാനസികവൈകല്യത്തിലേക്ക് നയിക്കും. മനോവിഭ്രാന്തി, വിഷാദരോഗം, ആത്മഹത്യാപ്രവണത തുടങ്ങിയവയെല്ലാം ഇതിന്റെ പ്രത്യാഘാതങ്ങളാണ്. ലൈംഗികബലഹീനത, ഉറക്കക്കുറവ്, അപസ്മാരം, ഉത്കണ്ഠ എന്നിവയും ലഹരിമരുന്ന് ശീലക്കാരിൽ കാണുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളാണ്.

**സാമൂഹിക പ്രശ്നങ്ങൾ**

ലഹരിമരുന്ന് ഉപയോഗിക്കുന്നവരിൽ സാമൂഹികവിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിക്കുന്നു. ലഹരിമരുന്ന് കിട്ടാതാകുമ്പോൾ കാണിക്കുന്ന വിഭ്രാന്തി (വിത്ഡ്രോവൽ സിൻഡ്രോം) കുറ്റകൃത്യങ്ങൾക്ക് കാരണമാവുന്നു. ഈ സമയത്ത് ലഹരിമരുന്ന് കിട്ടാൻ പോക്കറ്റടിയും പിടിച്ചുപറിയുമടക്കമുള്ള കുറ്റകൃത്യങ്ങൾ ചെയ്യാൻ ഇവർ തയ്യാറാകും. വാഹനാപടകങ്ങൾ, ദാമ്പത്യ-കുടുംബ പ്രശ്നങ്ങൾ എന്നിവയും ലഹരിമരുന്ന് ഉപയോഗിക്കുന്നവരിൽ ഏറെയാണ്.

**ചികിത്സ**

ഇത്തരം ലഹരികളുടെഉപയോഗംമൂലം വ്യക്തിക്ക് പ്രശ്നങ്ങൾ അനുഭവപ്പെടുമ്പോൾ അയാളെ സ്വസ്ഥവും ശാന്തവുമായ ഒരു സ്ഥലത്ത് ഇരുത്തുക, വ്യക്തിയുടെ ശാരീരിക-മാനസിക പ്രശ്നങ്ങൾക്കനുസരിച്ച് ഉചിതമായ ചികിത്സ നല്കുക എന്നിവയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ. വ്യക്തി ഗുരുതരമായ മാനസികരോഗലക്ഷണങ്ങളോ അക്രമസ്വഭാവങ്ങമോ കാണിക്കുകയാണെങ്കിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കണം ആന്റി

സൈക്കോട്ടിക്സ്, ബൻസോഡയസിപൈൻസ് എന്നീ ഔഷധങ്ങൾ നൽകേണ്ടിയുംവരും. ചെറിയ തോതിലേ ലഹരി ഉപയോഗിച്ചിട്ടുള്ളു എങ്കിൽ മിക്കവാറും ചികിത്സ നൽകേണ്ട ആവശ്യം വരാറില്ല.

ലഹരിശീലത്തിന് അടിമപ്പെടാതിരിക്കുക എന്നതാണ് ഈ ദുശ്ശീലത്തിനെതിരായ ഏറ്റവും നല്ല പ്രതിരോധം. അതിനുള്ള ഏകമാർഗ്ഗം തുടക്കത്തിലേ ഒരു പരീക്ഷണം എന്ന നിലയ്ക്ക് അത് ഉപയോഗിക്കാതിരിക്കലാണ്. ലഹരിശീലമുള്ള സുഹൃത്തുക്കളെ ഒഴിവാക്കുക എന്നതും പ്രതിരോധമുറയാണ്. ലഹരി ഉപയോഗിക്കാനിടയുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വൈകാരികമായ പിരിമുറുക്കത്തിൽനിന്ന് രക്ഷനേടുന്നതിനുവേണ്ടി യോഗ, മെഡിറ്റേഷൻ എന്നിവ ദിവസേന പരിശീലിക്കുകയാണെങ്കിൽ ലഹരിക്കടിമപ്പെടാതെ ആത്മനിയന്ത്രണം പാലിച്ച് ജീവിക്കാൻ കഴിയും.

**മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്**

മക്കളുടെ വ്യക്തിത്വത്തിൽ പെട്ടെന്ന് മാറ്റങ്ങൾ  ഉണ്ടായാൽ അതിനു കാരണം ലഹരിമരുന്നാകാം. പഠനത്തിൽ പിന്നോട്ടാകുന്ന കുട്ടിയുടെ സ്വഭാവംതന്നെ മാറിയാൽ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളോട് അകൽച്ച, മുറക്കുള്ളിൽ അടച്ചപൂട്ടിയിരിക്കുക, വീട്ടിൽനിന്ന് പണം എടുത്തുകൊണ്ടുപോകുക, ഭക്ഷണത്തിൽ ശ്രദ്ധിക്കാതിരിക്കുക, ശുചിത്വം കുറയുക, കുളിമുറിയിൽ ധാരാളം സമയം ചെലവഴിക്കുക, അലസത എന്നിവ ലഹരിമരുന്ന് ഉപയോഗിക്കുന്ന കുട്ടികളിൽ കാണാറുണ്ട്.

സുഹൃത്തുക്കളുടെ  കാര്യം കുട്ടി രഹസ്യമാക്കി വെക്കുകയോ, സുഹൃത്തുക്കളുടെ രഹസ്യമായുള്ള വരവും പോക്കും ഉണ്ടാവുകയോ ചെയ്താൽ പ്രത്യേക ശ്രദ്ധ വേണം. ലഹരിമരുന്ന് ഉപയോഗിക്കുന്നവരിൽ സ്വന്തം മുറിയിലേക്ക് മാതാപിതാക്കൾ കടന്നുവരുന്നത് ഇഷ്ടപ്പെടാത്തവരുണ്ട്. അവശിഷ്ടങ്ങൾ അവർ കണ്ടാലോ എന്ന ഭയംകൊണ്ടുകൂടിയാണിത്.

കുട്ടി ലഹരിമരുന്ന് ഉപയോഗിക്കുന്നതായി കണ്ടാൽ ശാന്തമായി കൈകാര്യം ചെയ്ത് ചികിത്സയ്ക്കു വിധേയമാക്കുക. കുട്ടിയെ കുറ്റപ്പെടുത്താതെ പ്രത്യേക ശ്രദ്ധയോടെ പരിചരണവും സാന്ത്വനവും നൽകുക. ചികിത്സ കഴിഞ്ഞെത്തുന്ന കുട്ടിക്ക്, തന്നെ മാതാപിതാക്കൾ സംശയത്തോടെയാണ് കാണുന്നതെന്ന തോന്നൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**മുൻകരുതൽ പ്രധാനം**

ലഹരിമരുന്നിന് അടിമപ്പെട്ട ശാരീരിക-മാനസിക-സാമൂഹിക പ്രശ്നങ്ങളുമായി ഡോക്ടറെ സമീപിക്കുന്നവർ ഏറെയുണ്ട്. ഏറ്റവും ശക്തമായ ഉപദേശം ഇവ ഒരു കാരണവശാലും തുടക്കത്തിലേതന്നെ ഉപയോഗിക്കാതിരിക്കുക എന്നതുതന്നെയാണ്. കൗമാരപ്രായക്കാർക്കും യുവാക്കൾക്കും ലഹരിമരുന്നുകളെക്കുറിച്ച് സമഗ്രമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു. ലഹരിമരുന്നിന് അടിമപ്പെട്ടുപോയവരെ കുറ്റപ്പെടുത്താതെ വിദഗ്ധമായ ചികിത്സയ്ക്കും പരിചരണത്തിനും വിധേയരാക്കുക എന്നത് ഇവരെ ലഹരിയുടെ കിരാതഹസ്തങ്ങളിൽനിന്ന് മോചിപ്പിക്കാൻ സഹായിക്കുന്നു.

മയക്കുമരുന്ന് ഏതായാലും അതുപയോഗിക്കുന്ന വ്യക്തിക്ക് നിർത്താനുള്ള ആഗ്രഹവും ഇച്ഛാശക്തിയുമുണ്ടെങ്കിലേ ഏതു ചികിത്സയും ഫലിക്കൂ. ഇതിനു വ്യാപകമായ ബോധവൽക്കരണംതന്നെ വേണം.

***